**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2151** **16-03-2022 - ൽ മറുപടിയ്ക്ക്**

**കൊല്ലം ജില്ലാ ആശുപത്രിയുടെ അടിസ്ഥാനസൗകര്യ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം മുകേഷ് | | null<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കൊല്ലം ജില്ലാ ആശുപത്രിയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള കിഫ്ബി പദ്ധതി നടപ്പിലാക്കുന്നതിൽ കാലതാമസം നേരിടുന്നതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കുമോ; | (എ) | 20,000 ചതുരശ്ര മീറ്ററിൽ അധികം മൊത്ത വിസ്തീർണ്ണമുള്ള ആശുപത്രികളുടെ നിർമ്മാണത്തിനായി കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ആവശ്യമായതിനാൽ പ്രസ്തുത അനുമതിയ്ക്കായി ഒരു വർഷം കാലതാമസം നേരിടേണ്ടി വന്നിരുന്നു കൂടാതെ GRIHA അനുസരിച്ച് മാറ്റം വരുത്തുന്നതിനായി പുതുക്കിയ ആർക്കിടക്ചറൽ പ്ലാൻ തയ്യാറാക്കി വീണ്ടും കിഫ്ബിയുടെ അംഗികാരം നേടേണ്ടതുണ്ട്. കൊല്ലം ജില്ലാ ആശുപത്രിയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള ധനാനുമതി നൽകിയിരുന്നെങ്കിലും പ്രസ്തുത പദ്ധതിക്കായുള്ള സ്റ്റാറ്റ്യൂട്ടറി ക്ലിയറൻസ് ലഭ്യമായിട്ടില്ല. പ്രസ്തുത നടപടി ക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. |
| (ബി) | നിർമ്മാണ ഉദ്ഘാടനം നിർവ്വഹിച്ച പ്രസ്തുത പദ്ധതിയുടെ പദ്ധതി രേഖയിൽ മാറ്റങ്ങൾ വരുത്തുന്നുണ്ടോ; കിഫ്ബിയിൽ നിന്നും സാമ്പത്തിക അനുമതി ലഭിച്ച പ്രസ്തുത പദ്ധതിക്ക് കിഫ്ബിയിൽ നിന്ന് വീണ്ടും അനുമതി ആവശ്യമായി വരുമോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ആവശ്യത്തിനായി പദ്ധതിയുടെ രൂപ രേഖയിൽ നിരവധി തവണ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട് കൂടാതെ GRIHA അനുസരിച്ച് മാറ്റം വരുത്തുന്നതിനായി പുതുക്കിയ ആർക്കിടക്ചറൽ പ്ലാൻ തയ്യാറാക്കി വീണ്ടും കിഫ്ബിയുടെ അംഗികാരം നേടേണ്ടതുണ്ട്. |
| (സി) | നടപടികൾ അടിയന്തരമായി പൂർത്തീകരിച്ച് പ്രസ്തുത പ്രവൃത്തി ടെൻഡർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദവിവരം ലഭ്യമാക്കുമോ? | (സി) | പ്രസ്തുത പദ്ധതി കെട്ടിടത്തിന്റെ സ്ട്രക്ച്ചറൽ ഡിസൈൻ തൃപ്തികരമായ രീതിയിൽ തീരുമാനിച്ച് ഗൃഹ മാനദണ്ഡങ്ങൾ ഉൾപ്പെടുത്തി സാങ്കേതികാനുമതി നൽകി പദ്ധതി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ പദ്ധതിയുടെ സ്പെഷ്യൽ പ്രപ്പസ് വെഹിക്കിളായ കെ.എസ്.ഇ. ബി സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ